# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3156** **13.03.2017 ൽ മറുപടിയ്ക്ക്**

## സ്കൂൾക്കുട്ടികൾക്കായി കൃഷിവകുപ്പിന്റെ പദ്ധതികൾ

**ചോദ്യം**
**ശ്രീ. മുല്ലക്കര രത്നാകരൻ**

**മറുപടി**
**ശ്രീ. വി.എസ്.സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ സ്കൂൾക്കുട്ടികൾക്കായി കൃഷി പ്രോത്സാഹനാർത്ഥം കൃഷിവകുപ്പ് പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ വിശദീകരിക്കാമോ; എല്ലാ സ്കൂളുകളിലും പച്ചക്കറിക്കൃഷി നടപ്പിലാക്കുന്ന തരത്തിൽ പദ്ധതി ആവിഷ്കരിക്കുമോ? | എ) | കൃഷി ഒരു പാഠ്യ വിഷയമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുള്ളതായി വിദ്യാഭ്യാസ വകുപ്പ് അറിയിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്കിടയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറി വികസന പദ്ധതിയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ സ്കൂളുകളിലെ 10 ലക്ഷം വിദ്യാർത്ഥികൾക്ക് 25 രൂപ വിലവരുന്ന വിവിധ പച്ചക്കറി വിത്തിനങ്ങൾ അടങ്ങിയ 10 ലക്ഷം വിത്തു കിറ്റുകൾ വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി സൗജന്യമായി നല്കിയിട്ടുണ്ട്. കൂടാതെ വിദ്യാലയങ്ങളിലെ വളപ്പുകളിൽ കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് വിദ്യാർത്ഥികളുടെ കൂട്ടായ്മയായ 'ഹരിത ക്ലബ്ബുകൾ' രൂപീകരിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിന് 5000 രൂപ സഹായം നൽകുന്നു. 2016-17-ൽ ഇതുവരെ സ്കൂളുകൾ ഉൾപ്പെടെ 2484 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി നടത്തിയിട്ടുണ്ട്. കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മികച്ച രീതിയിൽ കൃഷി ചെയ്യുന്ന വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിൽ 1, 2, 3 എന്നീ സ്ഥാനത്ത് എത്തുന്നവർക്ക് യഥാക്രമം 15,000/-, 7,500/-, 5,000/- രൂപ വീതവും, സംസ്ഥാന തലത്തിൽ 50,000/-, 25,000/-, 15,000/- രൂപ വീതവും ക്യാഷ് അവാർഡുകളും നൽകുന്നു. അവാർഡ് ജേതാക്കൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം വിദ്യാഭ്യാസ വകുപ്പാണ് തീരുമാനിക്കേണ്ടത്. |

S. [signature]
സെക്ഷൻ ഓഫീസർ